ഇറോം ശർമ്മിളയുടെ സമരം
AFSPA എന്ന പതിവ്
വിഷയത്തിലൊഴികെ മറ്റനവധി
സംഭവങ്ങളിൽ അസാധാരണമാം വിധം
നിശ്ശബ്ദമാണെന്നും ശർമ്മിളയെ ചിലർ
നിശബ്ദയാക്കുകയാണെന്നും
**പർണാബ് മുഖർജി**

# ഇറോം ശർമ്മിളയെ കൊല്ലേണ്ടതുണ്ടോ?

*"നമുക്ക് ഈ പ്രശ്നബാധിതപ്രദേശത്തിന്റെ രാഷ്ട്രീയസാഹചര്യങ്ങൾ കൂടി കണക്കിലെടുക്കാം. വടക്കൻ – വടക്ക് കിഴക്കൻ എന്ന് പറഞ്ഞാൽ നമുക്ക് നേപ്പാൾ, ഭൂട്ടാൻ, സിക്കിം, ഡാർജിലിംഗ്, ആസ്സാമിലെ ആദിവാസി മേഖല എന്നിവയാണ്. എന്നാൽ ഇവിടങ്ങളിലെ നമ്മുടെ ആശയവിനിമയം താരതമ്യേന ദുർബ്ബലമാണ്. പോലീസ് സുരക്ഷ ചിലയിടങ്ങളിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നു. ഇവിടങ്ങളിലെ ആളുകൾക്ക് ഇന്ത്യയോട് കാര്യമായ ആത്മബന്ധം ഇല്ലെന്ന് കാണാം. ഡാർജിലിംഗും കലിംപോംഗും പോലും മംഗോളിയൻ വംശത്തിന്റെ മുൻവിധികളിൽ നിന്ന് മുക്തമല്ല. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ നാഗാ വംശജരുമായോ, ആസ്സാമിലെ മറ്റ് ഗിരിവർഗ്ഗ ഗോത്രവിഭാഗങ്ങളുമായോ നല്ല ബന്ധം സ്ഥാപിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അവരുമായി ആകെ ബന്ധം പുലർത്തിയിരുന്ന യൂറോപ്യൻ മിഷണറിമാരുടെ സ്വാധീനം ഇന്ത്യക്കോ ഇന്ത്യക്കാർക്കോ പ്രയോജനം ചെയ്യുന്ന രീതിയിലായിരുന്നുമില്ല.*

*സിക്കിമിലും രാഷ്ട്രീയ പ്രതിസന്ധികൾ തുടങ്ങിയിട്ട് കുറച്ച് കാലമായി. ഭൂട്ടാൻ താരതമ്യേന ശാന്തമെങ്കിലും തിബറ്റിനോട് അവർക്കുള്ള വിധേയത്വം ഗൗനിക്കപ്പെടേണ്ടതാണ്. നേപ്പാളിലും സ്ഥിതി മറിച്ചല്ല. ഈ സാഹചര്യങ്ങളെ അതിജീവിക്കണമെങ്കിൽ നിശ്ചയദാർഢ്യവും അസാമാന്യ കരുത്തും കൃത്യമായ നയസമീപനവും ആവശ്യമാണ്. ഈ ദൗർബല്യങ്ങളെ മുതലെടുക്കാൻ ചൈന ശ്രമിക്കാതിരിക്കില്ലെന്ന് എനിക്കുറപ്പുണ്ട്. ഇക്കാര്യത്തിൽ നമ്മൾ അധികം അമാന്തിക്കരുതെന്നൊരഭിപ്രായം എനിക്കുണ്ട്. കാരണം കാര്യങ്ങൾ കൂടുതൽ വഷളാക്കാനും ദൂർബ്ബലമാക്കാനും അത് വഴിയൊരുക്കും".*

**– 1950 നവംബർ 7ന് ഇന്ത്യയുടെ ആദ്യത്തെ ആഭ്യന്തരമന്ത്രിയായിരുന്ന (ഉപപ്രധാനമന്ത്രിയുടെ അധികച്ചുമതലയുമുള്ള) സർദാർ വല്ലഭായ് പട്ടേൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിനയച്ച കത്തിൽ നിന്ന്.**

ഇവിടെ ഒരല്പം ചരിത്രം പറയേണ്ടി വരും; കൊലപാതകങ്ങളിലൂടെയുള്ള ചരിത്ര സഞ്ചാരം. പ്രത്യേകിച്ച് നാട്ടുരാജ്യവും ഇന്ത്യൻ സംസ്ഥാനവും കൂടിയാ

പരിഭാഷ: സബ്ന




യ മണിപ്പൂരിന്റെ ചരിത്രം. അഹോം, മണിപ്പൂർ തുടങ്ങിയ നാട്ടുരാജ്യങ്ങളുടെ ചില ഭാഗങ്ങൾ അവാസ് ആക്രമിച്ച 1819ന് ശേഷം അത് ആദ്യ ആഗ്ലോ-ബർമ്മൻ യുദ്ധത്തിന് വഴിവെക്കുകയും തുടർന്ന് ഏഴ് വർഷം നീണ്ട ഭീകരനാശങ്ങൾക്ക് അത് കാരണമാകുകയും ചെയ്തു. 1826ലെ യൻഡബൂ ഉടമ്പടിയുണ്ടായത് അതിന് ശേഷമാണ്. ഇതിനിടയിലുള്ള കാബോ താഴ്‌വരയിലാണ് പരമാധികാരത്തിന് വേണ്ടിയുള്ള എല്ലാ കളികളും നടന്നത്. ഈ സംഭവങ്ങൾക്ക് തെളിവാണ് ആഗസ്റ്റ് 13ലെ ദേശസ്നേഹദിനാചരണം. 1891ലെ ഇതേ ദിവസമാണ് കൊയ്‌രേങ് രാജകുമാരൻ, തങ്കൾ ജനറൽ, സുബേദാർ നിരഞ്ജൻ, കാജാവോ, ചെരായ് എന്നിവർ ബ്രിട്ടീഷുകാർക്കെതിരെ നീണ്ട പോരാട്ടം തുടങ്ങിയത്. ഇവരിൽ ചിലരെ തൂക്കിലേറ്റുകയും മറ്റുള്ളവരെ ആൻഡമാനിലെ കാലാപാനിയിലേയ്ക്ക് നാടുകടത്തുകയും ചെയ്തത്.

ബ്രിട്ടീഷുകാരോടുള്ള ചെറുത്തുനിൽപ്പിനിടയിൽ എടുത്തു പറയേണ്ട അബദ്ധം ഹിന്ദുത്വത്തിന്റെ കടന്നുവരവായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ ഹിന്ദുമതം സ്വീകരിക്കൽ, ജാതിവ്യവസ്ഥയുടെ ആവിർഭാവം, ബംഗാളി ലിപി കടമെടുത്തതോടെ ഉണ്ടായ ഭാഷാപരമായ അകൽച്ച, ഗോത്രവിഭഗത്തെ മാറ്റിനിർത്തൽ, 1726ൽ പുരാതനലിപികളടങ്ങിയ രേഖകൾ കത്തിച്ചത് തുടങ്ങിയ സംഭവങ്ങൾ 1714ൽ ഭരണം തുടങ്ങിയ പാംഹീബയുടെ കാലഘട്ടത്തിൽ ഒരു സമ്പൂർണ്ണ പരിവർത്തനമാണ് രാഷ്ട്രീയസൂചികയിലുണ്ടാക്കിയത്.

പുതിയ സംസ്ഥാനമായി രൂപം കൊണ്ടതിന് ശേഷം മുഹമ്മദ് അലിമുദ്ദീന്റെ നേതൃത്വത്തിൽ ചരിത്രം പല തരത്തിൽ വീണ്ടും ആവർത്തിക്കപ്പെട്ടു. 1972ൽ മണിപ്പൂർ പീപ്പിൾസ് പാർട്ടിയുടെ (MPP) കീഴിൽ ആദ്യഗവൺമെന്റ് നിലവിൽ വന്നു. ഒരു വർഷം മാത്രം ആയുസ്സുണ്ടായിരുന്ന ഈ ഗവൺമെന്റ് ചിതറിയതെങ്കിലും സുവ്യക്തകാഴ്ചപ്പാടുള്ള സഖ്യം തന്നെയായിരുന്നു. തുടർന്ന് മണിപ്പൂരിൽ ഗവർണ്ണർ ഭരണം നിലവിൽ വരികയും മണിപ്പൂരിലെ ഭരണസംവിധാനം താറുമാറാകുകയും ചെയ്തു.

1974ൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ MPPയും ഹിൽ പീപ്പിൾസ് യൂണിയനും (HPU) 32 സീറ്റുകൾ നേടി. കണക്ക് വിശദമാക്കിയാൽ 19 സീറ്റുകൾ MPP നേടുകയും വിജയികളായ രണ്ട് സ്വതന്ത്രരെ പിന്തുണയ്ക്കുകയും മറ്റ് 11 സീറ്റുകൾ HPU തൂത്തുവാരുകയും ചെയ്തു. വീണ്ടും മുഖ്യമന്ത്രിയായ മുഹമ്മദ് അലിമുദ്ദീന് നാല് മാസം മാത്രമേ കാലാവധി ഉണ്ടായുള്ളൂ. തുടർന്നുണ്ടായ കക്ഷിമാറ്റത്തെ മുതലെടുത്തുകൊണ്ട് കോൺഗ്രസ് പിന്തുണയോടു കൂടി യാങ്മാഷോ ഷൈസാ എന്ന താങ്ഖുൽ നാഗാ നേതാവ് പുതിയ ഗവൺമെന്റിന് രൂപം നൽകി. പിന്നീട് 1974 ഡിസംബറിൽ ഷൈസാ ഗവൺമെന്റിനെ അട്ടിമറിച്ച് കോൺഗ്രസിന്റെ ആർ.കെ. ദൊരിന്ദ്രോ സിംഗ് ഭരണത്തിൽ വന്നു. ഷൈസാ ഗവൺമെന്റുമായി തെറ്റിപ്പിരിഞ്ഞ MPPയാണ് കോൺഗ്രസിനെ പിന്തു

ണച്ചത്.

ഇത്തരത്തിൽ സൈനികവും രാഷ്ട്രീയവുമായ കോളനിവല്കരണത്തിന് മണിപ്പൂർ വിധേയമായതിനെ തുടർന്ന് ഭരണവ്യവസ്ഥയോട് അതികഠിനമായ എതിർപ്പ് പ്രകടമായി തുടങ്ങി. ഇതോടൊപ്പം ഇന്ത്യയിലെ മുഖ്യധാരാസംസ്കാരത്തിൽ നിന്നും മണിപ്പൂർ ഒഴിവാക്കപ്പെട്ടതും 1958ൽ നിലവിൽ വന്ന പട്ടാള പ്രത്യേകാധികാരനിയമവുമെല്ലാം മണിപ്പൂരിന് വിനയായി. ഈ അവസ്ഥ വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങൾ പോലും ഇല്ലാതാക്കുന്ന തരത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്.

## ഇന്നും എന്ത്? എന്തുകൊണ്ട് ?

2011 ജനുവരി 5ന് പഞ്ചാബ് ഗവർണ്ണർ സൽമാൻ തസീറിന്റെ മൃതദേഹം ഹെലികോപ്ടറിൽ കൊണ്ടുവന്ന് താഴെ കുഴിമാടത്തിലേക്കാഴ്ത്തി. ഇത് ആർഭാടത്തിനായിരുന്നില്ല, മറിച്ച് ചില മതഭ്രാന്തന്മാർ സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നവരെ പോലും വെറുതെ വിടില്ലെന്ന് ഭീഷണി മുഴക്കിയതുകൊണ്ടു മാത്രമാണിങ്ങനെ ചെയ്തത്. അതേ സമയം നീതിക്ക് വേണ്ടി നിലകൊണ്ടു എന്ന പേരിൽ മാത്രം 26കാരനായ മുംതാസ് ഖാദിരിക്ക് മേൽ പനിനീർപുഷ്പങ്ങൾ വർഷിച്ചു. എന്തായിരുന്നു തസീർ ചെയ്ത കുറ്റം? നിരീശ്വരവാദത്തെക്കുറിച്ച് പറഞ്ഞതോ? 2010 നവംബർ 8ന് വധശിക്ഷ വിധിച്ച ആസ്യബീബി എന്ന ക്രിസ്ത്യൻ യുവതിയെ കാണാനായി പോയതോ?

ഇവിടെ പാകിസ്ഥാൻ ഭരണകൂടത്തിന്റെ ക്രൂരതയെന്നതിലുപരി സൂഫി സംഗീതസദസ്സുകൾ നിരന്തരം ആസ്വദിക്കുന്ന, എന്നാൽ സൂഫിസത്തിന്റെ യഥാർത്ഥ അർത്ഥം അറിയാത്ത ബഹുഭൂരിപക്ഷത്തിന്റെ നിശ്ശബ്ദതയാണ് ചോദ്യം ചെയ്യപ്പെടേണ്ടത്.

2010 ഡിസംബർ 24ന് ഡോ. ബിനായക് സെന്നിനെ റായ്പൂർ സെഷൻസ് കോടതി രാജ്യദ്രോഹക്കുറ്റത്തിന് ജീവപര്യന്തം തടവിന് ശിക്ഷിച്ചു. അദ്ദേഹത്തെപ്പോലുള്ളവരുടെ പ്രവർത്തനത്തിൽ ഗവൺമെന്റിനുള്ള അസഹിഷ്ണുതയാണിവിടെ വെളിപ്പെടുന്നത്. ചില സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന വർദ്ധിതമായ അതിക്രമങ്ങൾക്കും ചിലയിടങ്ങളിലെ ജനാധിപത്യഇടങ്ങളിലുള്ള പട്ടാളവല്കരണത്തിനുമെതിരെ ജനങ്ങൾ നടത്തുന്ന ചെറുത്തുനിൽപ്പുകളെ ഇല്ലാതാക്കാൻ ഗവൺമെന്റ് തന്നെ ശ്രമിക്കുകയാണ്.

കുറച്ച് ദിവസങ്ങൾക്ക് മുമ്പാണ് ജാഫർ പനാഹിയെയും അദ്ദേഹത്തിന്റെ സുഹൃത്ത് മുഹമ്മദ് റസൂലിനെയും ഇറാൻ ഭരണകൂടം ആറ് വർഷം തടവിന് ശിക്ഷിക്കുകയും രണ്ട് വർഷം വിലക്കേർപ്പെടുത്തുകയും ചെയ്തത്. 2009ലെ വിവാദപരമായ രാഷ്ട്രപതി തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഗ്രീൻ മൂവ്മെന്റിനെക്കുറിച്ച് ഒരു സിനിമയെടുത്തതായിരുന്നു പനാഹി ചെയ്ത അപരാധം.

## ഇപ്പോൾ...

*കഴിഞ്ഞ കുറച്ച് മാസങ്ങളായി ഇറോം ശർമ്മിള മാനസികസമ്മർദ്ദത്തിലാണെന്ന് പറഞ്ഞാൽ അദ്ഭുതപ്പെടാനില്ല. സംസ്ഥാനത്തെ ചീഫ് സെക്രട്ടറിയിൽ നിന്ന് നേരിട്ട് അനുവാദം വാങ്ങിയാൽ മാത്രമെ അടുത്ത ബന്ധുക്കൾക്ക് പോലും അവരെ കാണാൻ കഴിയൂ. എന്നാൽ കനത്ത കാവലൊന്നും ഏർപ്പെടുത്താത്ത തടങ്കലാണിവരുടേതെന്ന് സന്ദർശകർക്കൊക്കെ അറിയാം. അവരുടെ നിരാഹാരവും ഏകാന്തതയും നാൾക്കുനാൾ കഠിനമായിക്കൊണ്ടിരിക്കുകയാണ്. 11 വർഷം സഹതടവുകാർ പോലുമില്ലാതെ ഒരു ജയിൽമുറിയിൽ കഴിയുന്നത് നിങ്ങൾക്ക് സങ്കല്പിക്കാനാകുമോ? പോറോംമ്പാതിലെ ജവഹർലാൽ നെഹ്റു ഹോസ്പിറ്റലിലെ മുറിയിൽ മൂക്കിലൂടെ ട്യൂബ് വഴി മരുന്നും ഭക്ഷണവും നിർബന്ധിതമായി കൊടുക്കാനായി ഇറോം ശർമ്മിളയെയും ഒരു പ്രത്യേക ജയിൽ വാർഡിലെന്ന പോലെ പാർപ്പിച്ചിരിക്കുകയാണ്.* **- പ്രദീപ് ഫൻജൗബാൻ, 24 നവംബർ, 2011.**

*...അന്ന് ആഗസ്റ്റ് 15ന് അദ്ദേഹം പുലർച്ചെ രണ്ട് മണിക്കെഴുന്നേറ്റു. അർദ്ധരാത്രിയിലെ നെഹ്റുവിന്റെ പ്രസംഗം കേട്ടാണ് അദ്ദേഹം കിടന്നത്. പതിവ് പ്രഭാതസവാരിക്കായി അദ്ദേഹം ഹൈദരി ഹൗസിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ഒരു നോക്ക്കാണാൻ നിരവധി ആളുകൾ ചുറ്റും കൂടി. തിരിച്ചുവന്ന ഉടൻ അദ്ദേഹത്തിന്റെ അനുഗ്രഹത്തിനായി പശ്ചിമബംഗാളിലെ പുതിയ മന്ത്രിസഭ എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, "മുൾക്കിരീടമാണണിയുന്നത്. സത്യവും അഹിംസയും നടപ്പാക്കാൻ കഠിനമായി പരിശ്രമിക്കുക, വിനയാന്വിതരായിരിക്കുക, അധികാരത്തെ സൂക്ഷിക്കുക, അതിന്റെ മായികവലയത്തിൽ കുരുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുക. ഇന്ത്യയിലെ പാവപ്പെട്ട ഗ്രാമീണരെ സേവിക്കാനാണ് നിങ്ങൾ അധികാരത്തിലേറിയതെന്ന് ഓർക്കുക". അധികാരത്തെക്കുറിച്ച് എത്ര സൂക്ഷ്മവും കണിശവുമായ നിരീക്ഷണം. ജീവിതത്തിലെ അനാവശ്യങ്ങളെ ഒഴിവാക്കാൻ എന്നിട്ടും എന്ത് ബുദ്ധിമുട്ടായിരുന്നു.*

**-ഗാന്ധീസ് പാഷൻ: ദ ലൈഫ് ആന്റ് ലെഗസി ഓഫ് മഹാത്മാഗാന്ധി, സ്റ്റാൻലി വോൾപെർട്.**

ഇത് നമ്മെ ഇറോം ചാനു ശർമ്മിളയുടെ വിഷയത്തിലേക്കെത്തിക്കുന്നു. പ്രത്യേക പട്ടാളാധികാരനിയമം (AFSPA) എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 12 വർഷങ്ങളായി തുടരുന്ന നിരാഹാരസമരം ഇപ്പോൾ 13-ാം വർഷത്തിലെത്തി നിൽക്കുന്നു. അവർ സമരം തുടങ്ങിയ 2000 നവംബർ 4 മുതൽ അവർ ഭീഷണി നേരിടുന്നു, അറസ്റ്റ് ചെയ്യപ്പെടുന്നു, വിട്ടയക്കപ്പെടുന്നു, ഒരു നൂറു വട്ടം ഗവൺമെന്റിൽ നിന്നും പാതി മനസ്സോടെയുള്ള ഉറപ്പുകൾ ലഭിക്കുന്നു.

അരുണാചൽ പ്രദേശ്, ആസ്സാം, മണിപ്പൂർ, മേഘാലയ, മിസോറം, നാഗാലാന്റ്, ത്രിപുര എന്നീ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിലവിലുള്ള, 1972ൽ ഭേദഗതി ചെയ്ത 1958ലെ പ്രത്യേക സായുധസേനാധികാരനിയമം, 1990ൽ നിലവിൽ വന്ന ജമ്മു-കശ്മീർ പ്രത്യേക സായുധസേനാധികാര നിയമം എന്നീ നിയമങ്ങൾ പൂർണ്ണമായും എടുത്തുകളയാതെ താൻ ഒരു തരി ഭക്ഷണം കഴിക്കില്ലെന്ന് പറയുന്ന ഇറോം ശർമ്മിളയ്ക്ക് മൂക്കിലൂടെ കടത്തിയിരിക്കുന്ന ട്യൂബിലൂടെ നിർബന്ധപൂർവ്വം ഭരണാധികാരികൾ ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്.

മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിൽ പട്ടാളത്തെ വിന്യസിക്കാൻ കേന്ദ്രഗവൺമെന്റിന്റെ സുരക്ഷാഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന അധികാരങ്ങളാണ് ഈ നിയമപ്രകാരം വിവക്ഷിച്ചിരിക്കുന്നത്:

- വെറും സംശയത്തിന്റെ പേരിൽ ആരെയും വെടി വെയ്ക്കാം.
- വാറണ്ടില്ലാതെ ആരെയും അറസ്റ്റ് ചെയ്ത് എത്ര കാലം വേണമെങ്കിലും തടങ്കലിലിടാം.
- വാറണ്ടില്ലാതെ ആരുടെ സ്ഥലത്തും തെരച്ചിൽ നടത്താം, എന്തും പിടിച്ചെ

ടുക്കാം.
– സായുധസേനാ ഉദ്യോഗസ്ഥർക്ക് വിചാരണയിൽ നിന്നും അന്വേഷണ ത്തിൽ നിന്നും സുരക്ഷ നേടാൻ പ്രത്യേക ഇളവ്.

1958 മുതൽ നിലവിലുള്ള ഈ നിയമം സ്വാഭാവികമായും നമ്മുടെ ഭരണഘടന അനുശാസിക്കുന്ന സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള ജനങ്ങളുടെ അവകാശത്തെ ഹനിക്കുകയാണ്. ഈ നിയമം നിലവിൽവന്നതിനെ തുടർന്ന് തുടർച്ചയായ അപ്രത്യക്ഷമാകലുകൾ, വധശിക്ഷകൾ, പീഢനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, അനധികൃതമായ അറസ്റ്റുകൾ, തടവിലാക്കൽ, ഒപ്പം സേനാധികാരികളെ എന്ത് ശിക്ഷയിൽ നിന്നും ഒഴിവാക്കുന്ന വൃത്തികെട്ട സംസ്കാരം എന്നിവ തുടർക്കഥയായി.

കാലത്തിന്റെ ഘടികാരമൊരല്പം പുറകോട്ടു തിരിക്കാം, 2000 നവംബർ 2ന് ആസ്സാം റൈഫിൾസിന്റെ ടിഡിം റോഡിലുള്ള ക്യാമ്പ് ആരോ ബോംബ് വെച്ചു തകർത്തു. ഇതേ തുടർന്ന് 62കാരിയായ ഒരു വൃദ്ധയുൾപ്പെടെ 10 പേരെ സൈന്യം വെടിവെച്ചുകൊന്നു. മാലോം, മാഖ, ലെയ്കായി, ബോറോയ്, മാഖോങ് എന്നിവിടങ്ങളിൽ 45–ലധികം ആളുകൾക്ക് പരുക്കേറ്റു. 1972–ൽ കിഴക്കൻ ഇംഫാലിലെ പോറോംമ്പാതിൽ ജനിച്ച ഇറോം ശർമ്മിള അടിസ്ഥാനപരമായി വിശ്വസിച്ചിരുന്ന ഒരു സങ്കല്പമുണ്ടായിരുന്നു, സ്വാതന്ത്ര്യം എന്ന ആശയം. മഹാത്മാഗാന്ധിയായിരുന്നു ഇതിൽ അവരുടെ പ്രചോദനം. മാലോം സംഭവത്തിന് രണ്ട് വർഷങ്ങൾക്ക് ശേഷം 2002 നവംബർ 2ന് സാധാരണ ജനങ്ങളെ ഇത്തരത്തിൽ കൊന്നതിനോട് കലഹിച്ച് ഇറോം ശർമ്മിള മരണം വരെ നിരാഹാര മനുഷ്ഠിക്കാൻ തീരുമാനിച്ചു. ഒപ്പം മണിപ്പൂരിന് മേൽ AFSPA പ്രകാരം പ്രഖ്യാപിച്ച 'അസ്വസ്ഥപ്രദേശം' എന്ന സ്ഥാനം എടുത്തുകളയാനും അവർ ആവശ്യപ്പെട്ടു. ആത്മഹത്യക്കുറ്റം ചുമത്തി ഉടൻ തന്നെ ഗവൺമെന്റ് ഇവരെ അറസ്റ്റ് ചെയ്തു. അന്ന് മുതൽ ചില ഒറ്റപ്പെട്ട മോചിപ്പിക്കലുകളൊഴിച്ചാൽ ശർമ്മിളയെ ഒരു സർക്കാർ ആശുപത്രിയിലെ സെക്യൂരിറ്റി വാർഡിൽ നിർബന്ധിതമായി മൂക്കിലൂടെ ഭക്ഷണം കഴിപ്പിച്ച് കിടത്തിയിരിക്കുകയാണ്. ക്ഷീണിതയായ ശർമ്മിള നിരാഹാരം



അവസാനിപ്പിക്കാൻ തയ്യാറാകുന്നില്ല.

എന്നാൽ 2004 ജൂലൈ 12ന് വിഷയം വീണ്ടും സങ്കീർണ്ണമായി. ഇരിൾബംഗ് യരിപോക് റോഡിൽ പരമ്പരാഗതമണിപ്പൂരി വസ്ത്രം ധരിച്ച്, ഗുഹ്യഭാഗങ്ങളിൽ മാരകമായ പരുക്കുകളോടെ തങ്ജം മനോരമാ ദേവി എന്ന മുപ്പതുകാരിയുടെ മൃതദേഹം കണ്ടെത്തി. രാജ്യത്തിന്റെ നിർലജ്ജമായ, മനസ്സാക്ഷിയില്ലാത്ത നിശ്ശബ്ദതയെ ചോദ്യം ചെയ്തുകൊണ്ട് പത്തിലധികം സ്ത്രീകൾ 2004 ജൂലൈ 15ന് പ്രസിദ്ധമായ കാങ്ക്ള കോട്ടയ്ക്ക് മുന്നിൽ നഗരായി നിന്ന് പ്രതിഷേധിച്ചു. അവർ പിടിച്ച ബാനറിൽ ഇങ്ങനെ എഴുതിയിരുന്നു, 'ഇന്ത്യൻ സൈന്യം ഞങ്ങളെ മാനഭംഗം ചെയ്യുന്നു'.

എന്ത് തരം ചിത്രങ്ങളാണ് നമുക്ക് ചുറ്റും കാണപ്പെടുന്നത്? നമ്മളെ വിടാതെ പിന്തുടരുന്ന പ്രതിച്ഛായകൾ ഏതെല്ലാമാണ്? നമ്മൾ നിഷ്ക്രിയരാണോ? ഇത്തരത്തിൽ നിർവികാരരായിരിക്കുന്നതിൽ നിങ്ങൾ സന്തുഷ്ടരാണോ? മറ്റുള്ളവർ പാത്രങ്ങളായിത്തീരുന്ന വാർപ്പുമാതൃകകളെക്കുറിച്ചും ആവർത്തനവിരസമായ ശൈലികളെക്കുറിച്ചും മാത്രമേ നാം എഴുതൂ?

ചിത്രങ്ങൾ മിന്നിമറയുന്നു, ഒരു മ്യൂസിയത്തിലെന്ന പോലെ. 2006 ഒക്ടോബറിലെ ചിത്രം. മണിപ്പൂരിൽ നിന്ന് ശർമ്മിള ഡൽഹിയിലെത്തിയപ്പോഴുള്ള ചിത്രം. ഡൽഹിയിലെ തെരുവുകളിൽ തന്റെ നിരാഹാരം തുടരാനായി എത്തിയപ്പോഴുള്ള ചിത്രം. അനേക ദിനരാത്രങ്ങൾ അവർ ജന്തർ മന്തറിൽ തങ്ങി. തുടർന്ന് ഒക്ടോബർ 6ന് അർദ്ധരാ

ത്രിയിൽ തികച്ചും നാടകീയമായി നൂറോളം പോലീസുകാർ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലേക്ക് ശർമ്മിളയെ റാഞ്ചി. ചെയ്ത കുറ്റം: ആത്മഹത്യാ ശ്രമം.

ഒക്ടോബർ 9ന് എല്ലാ ചികിത്സയും ശർമ്മിള നിഷേധിച്ചു. ഡോക്ടർമാരുടെ മേൽനോട്ടത്തിൽ തനിക്ക് മൂക്കിലൂടെ ഭക്ഷണം നൽകിക്കൊണ്ടിരുന്ന ട്യൂബ് ധരിക്കാനും അവർ വിസമ്മതിച്ചു.

ഏകദേശം 13 വർഷങ്ങൾ. ചുണ്ടിലൂടെ ഒരു തുള്ളി വെള്ളമോ മതിയായ ഭക്ഷണമോ ഇല്ലാതെ, അമ്മയെയോ തന്റെ വലിയ കുടുംബത്തിലെ അംഗങ്ങളെയോ കാണാതെ ഏകദേശം 13 വർഷങ്ങൾ. ആത്മഹത്യാശ്രമത്തിന് തുടർച്ചയായി അറസ്റ്റ് ചെയ്യപ്പെട്ട 13 വർഷങ്ങൾ.

ഇനിയെന്ത് തരം ചിത്രങ്ങളാണ് നാം കാണാൻ ആഗ്രഹിക്കുന്നത്? നമ്മൾ അവരുടെ സമരം ആഘോഷിക്കുകയാണോ? ഒരു സമരപ്രവർത്തകയുടെ ഏകാന്തതയോട് നാം നിസ്സംഗരാകുകയാണോ? അല്ലെങ്കിൽ ഒരിക്കലും നടക്കാനിടയില്ലാത്ത, ആസന്നമായ ഒരു വിപ്ലവത്തെക്കുറിച്ച് ആവേശം കൊണ്ടിരിക്കുകയാണോ? അതുമല്ലെങ്കിൽ ഏതെങ്കിലുമൊരു ചാനൽ വിനോദത്തിന്റെ ഒട്ടും ആയുസ്സില്ലാത്ത കണ്ണീരൊഴുക്കലിനായി അവസരം കൊടുത്തിരിക്കുകയാണോ?

ചുരുക്കി പറഞ്ഞാൽ നമ്മൾ എല്ലാം മറന്നിരിക്കുന്നു. ഒരു തരി മനസ്സാക്ഷിക്കുത്തുമില്ലാതെ എല്ലാം മറന്ന് നാം കടന്നുപോന്നിരിക്കുന്നു.

## അപ്പോൾ ലാഭം ആർക്ക്?

എല്ലാവർക്കും. ഓർക്കുക, AFSPA സൃഷ്ടിച്ചിരിക്കുന്നത് ഒരു സാഹചര്യം മാത്രമല്ല, മറിച്ച് ഒരു മനോഭാവം തന്നെയാണ്. പത്രീബൽ വ്യാജഏറ്റുമുട്ടലിൽ സെക്ഷൻ 7 പ്രകാരമുള്ള സുപ്രീം കോടതിയുടെ വിധിയെക്കുറിച്ച് വരീഷ ഫർസാത് 2012 മെയ് 10നുള്ള കശ്മീർ ടൈംസിൽ ഇങ്ങനെ എഴുതുന്നു. *...1990ലെ നിയമവും അതുപോലുള്ള നിയമങ്ങളും പ്രകാരം സൈനികോദ്യോഗസ്ഥർക്ക് നൽകുന്ന ഇളവുകൾ വീണ്ടും വ്യാഖ്യാനിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. തെറ്റിദ്ധരിക്കപ്പെട്ട വ്യക്തികളുമായി ബന്ധപ്പെട്ട കേസുകൾ, സംശയത്തിന്റെ പേരിലുള്ള കേസുകൾ എന്നിവയെല്ലാം ഇത്തരത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇത്തരത്തിലുള്ള പഴുതുകൾ ഇല്ലാതാക്കേണ്ടത് നിയമത്തിനും നീതിക്കും മേൽ ജനങ്ങൾക്കുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാൻ അത്യാവശ്യമാണ്.*

**എന്താണിതിന്റെയൊക്കെ അവസാനം? ശർമ്മിള മരിച്ചാൽ ആർക്കാണ് പ്രയോജനം? എല്ലാവർക്കും. അവരുടെ വിഷയത്തിൽ താല്പര്യമെടുത്ത ഓരോ വ്യക്തിക്കും. കാരണം ബാറ്റൺ കൈമാറുന്നതിൽ നാം വിശ്വസിക്കുന്നില്ല. മറിച്ച് ഒരു രക്തസാക്ഷിയെ നിർമ്മിച്ചെടുക്കുന്നതിലാണ് നാം വിശ്വസിക്കുന്നത്**

ഒരു ഉത്തരവാദിത്തമുള്ള ഇന്ത്യൻ പൗരൻ എന്ന നിലയിൽ മണിപ്പൂർ ഒരിക്കലും നമ്മുടെ സന്തോഷങ്ങളിലോ സങ്കടങ്ങളിലോ ഭാഗമായിട്ടില്ല. അതുകൊണ്ടാണ് ഇറോം ശർമ്മിളയുടെ കാര്യത്തിലെ നമ്മുടെ മനോഭാവം യാതൊരു ഇടപെടലുകളുമില്ലാതെ ആദ്യം ശൂന്യതയും പിന്നീട് ചില ചെറുവിവരണങ്ങളും ആരാധനയും മാത്രമായിത്തീർന്നത്. കാരണം സംഘർഷങ്ങളിലൂടെയുള്ള പ്രവൃത്തി അപകടകരമാണ്. ശർമ്മിള ടീമിനു സംഭവിച്ചതും മറ്റൊന്നല്ല. എങ്ങുമെത്താത്ത, അറ്റമെത്താത്ത ചരടിലെ കുരുക്കു പോലെയായിരിക്കുമത്. അതിൽ പ്രധാനം ഐക്യദാർഢ്യത്തിന്റെയും സഹാനുഭൂതിയുടെയും ആധിക്യമാണ്. മാറുന്ന രാഷ്ട്രീയ പാർട്ടികൾക്കനുസരിച്ച് ഇതിന്റെ കാഠിന്യവും ഏറിയും കുറഞ്ഞുമിരിക്കുന്നു. ഫലമോ, കാലങ്ങളായി തുടർന്നുവരുന്ന രക്തസാക്ഷിയെ സൃഷ്ടിക്കൽ, അതിന്റെ 'ആഘോഷം', പിന്നെ രക്തസാക്ഷിയെ (ജീവിച്ചിരിക്കുന്നതോ മരിച്ചതോ ആയ) സൃഷ്ടിച്ച ജനകേന്ദ്രീകൃതമായ അവസ്ഥയെക്കുറിച്ച് സൗകര്യപൂർവ്വം മറക്കൽ.

ശർമ്മിളയ്ക്ക് സംസ്ഥാനഭരണസംവിധാനങ്ങളോടുള്ള  കാഴ്ചപ്പാട്, മറ്റ് സമരങ്ങളെ നോക്കിക്കാണുന്ന രീതി, അവരുടെ മന:സ്സാക്ഷിയെക്കുറിച്ച് അവരുടെ വിലയിരുത്തൽ, ഇപ്പോഴത്തെ രാഷ്ട്രീയരീതികളോടുള്ള കാഴ്ചപ്പാട്, ഒപ്പം ലോകത്താകമാനം നടക്കുന്ന വിവിധ സംഭവങ്ങളോടുള്ള അവരുടെ പ്രതികരണങ്ങൾ എന്നിവയെക്കുറിച്ചൊന്നും യാതൊരു സംവാദവും അവരോടൊത്ത് നടന്നിട്ടേയില്ല.

അതായത് ശർമ്മിള ഒരു AFSPA പ്രതിഷേധമെഷീനാണ്. മറിച്ച് സമാനമായ സംഭവങ്ങളെക്കുറിച്ച് വിശാലമായ കാഴ്ചപ്പാടുകളുള്ള ഒരു AFSPA പ്രതിഷേധശബ്ദമല്ല.

പക്ഷേ, അങ്ങനെ തള്ളിക്കളയേണ്ട ഒരാളല്ല അവർ. അവർക്ക് ഏറെ പ്രാധാന്യമുണ്ട്. കാരണം നമ്മളെക്കാളുമൊക്കെ സ്വന്തം നിലപാടിൽ അസാമാന്യധൈര്യം കാണിച്ചവരാണവർ. അതോടൊപ്പം ഒരു റിമോട്ട് കൺട്രോൾ മുഖേന നിയന്ത്രിക്കപ്പെടുന്ന തരത്തിൽ ഒരിക്കലും ആയിത്തീരാൻ പാടില്ലാത്തയാളുമാണവർ.  ഇക്കാരണങ്ങൾ പറഞ്ഞ് ശർമ്മിളയുടെ ഉടമസ്ഥരായിരിക്കുന്നവരെ പാടെ മാറ്റിനിർത്താനും നമുക്കാവില്ല. ശർമ്മിളയുടെ നിശ്ശബ്ദതയുടെ, രാഷ്ട്രീയത്തിന്റെ, സമരത്തിന്റെയൊക്കെ ഉടമസ്ഥരായിത്തീർന്നിരിക്കയാണിവർ. ശർമ്മിളയുടെ തുടർച്ചയായ പ്രതിരോധങ്ങളുടെ ലോകത്തെ ഉടമസ്ഥതയിലാക്കുകയാണ് ചുറ്റുമുള്ള ചിലർ. എന്തുകൊണ്ട് നമുക്കിത്തരത്തിലുള്ളവരെ മാറ്റിനിർത്താനാവുന്നില്ല? കാരണം ഇവരെങ്കിലും ശർമ്മിളയുടെ സമരത്തിന് വേണ്ടി സമരഭൂമിയിലുണ്ടല്ലോ എന്ന് നാം ആശ്വസിക്കുന്നു. നമ്മളോ, എവിടെയോ സുരക്ഷിതരായി ശീതീകരിച്ച മുറികളിലിരുന്ന് ഇതേക്കുറിച്ച് ചർച്ച ചെയ്ത് പിരിയുകയാണ്.

പക്ഷേ യാഥാർത്ഥ്യം ഒരല്പം കൂടി കയ്പേറിയതാണ്. ശാരീരികമായി ശർമ്മിളയുടെ ധമനികളിലെത്തുന്ന ഗ്ലൂക്കോസ് കട്ടപിടിക്കുന്നതു പോലെ മാനസികമായി അവരെ സ്തംഭിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. സമരഭൂമിയിൽ നേരിട്ടെത്താൻ കഴിയുന്നില്ലല്ലോ എന്ന, നമ്മൾ നഗരസുഖിമാന്മാരുടെ കുറ്റബോധത്തെ നമ്മുടെ നിശ്ശബ്ദതയായി അവർ അംഗീകരിച്ചിരിക്കുകയാണ്. നമുക്ക് ചെയ്യാൻ കഴിയാത്തത് ഇവരെങ്കിലും ചെയ്യുന്നുണ്ടല്ലോ എന്നതും ഈ കുറ്റബോധത്തിന്റെ ഭാഗമാണ്. എന്നാൽ സംസാരിക്കാൻ കൂട്ടാക്കാത്ത ഈ പ്രതിഭാസം സമരത്തി



ഫോട്ടോ: സുവേന്ദു ചാറ്റർജി

ന്റെ ഗതിയെ മാറ്റിമറിച്ചിരിക്കുന്നു. AFSPA പിൻവലിക്കണോ, അതോ ശർമ്മിളയെ രക്ഷിക്കണോ അതോ രണ്ടും വേണോ എന്ന ആശയക്കുഴപ്പം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

ഇറോം ശർമ്മിളയുടെ സമരം ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി കുറേ ആളുകൾ പൊരുതുക എന്നതിലുപരി രാഷ്ട്രീയമായ ഒരവകാശം നേടിയെടുക്കാനുള്ള രാഷ്ട്രീയപോരാട്ടമായി മാറണം. ഇവിടെ രാഷ്ട്രീയസമരം എന്ന ആശയത്തെയും കക്ഷിരാഷ്ട്രീയം സൃഷ്ടിക്കുന്ന സമരങ്ങളെയും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ ഞാൻ മുതിരുന്നില്ല.

ഇറോം ശർമ്മിളയുടെ സമരം AFSPA എന്ന പതിവ് വിഷയത്തിലൊഴികെ മറ്റനവധി സംഭവങ്ങളിൽ അസാധാരണമാം വിധം നിശ്ശബ്ദമാണ്. ഉദാഹരണമായി ഈ സമരത്തിന് സ്വയം വ്യാപിച്ച് ലോകത്തിന്റെ പിന്തുണയാർജ്ജിക്കണമെങ്കിൽ, മണിപ്പൂരികളല്ലാത്ത ജോലിക്കാർ ഇവിടെ നിരന്തരം കൊല്ലപ്പെടുന്നതടക്കമുള്ള സംഭവങ്ങളിൽ, സ്ഥിരം പ്രതിഷേധരീതികളായ പന്തംകൊളുത്തി പ്രകടനത്തിനുമപ്പുറത്തേയ്ക്ക് എന്തെങ്കിലും സമരരീതികൾ അവലംബിക്കേണ്ടതുണ്ട്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ട ഇത്തരം 80ലേറെ കേസുകളുണ്ട്. അതിലേറ്റവും ഒടുവിലത്തേത് നടന്നത് ഇംഫാലിനടുത്താണ്. 2012 ഫെബ്രുവരി 14ന് കാണാതായ അഭിഷേക് കുമാറിന്റെ മൃതദേഹം ഒരു വയലിൽ നിന്നും കണ്ടെടുത്തു.

എന്ത് സന്ദേശമാണ് നമ്മൾ പുറത്തേക്ക് നൽകാനാഗ്രഹിക്കുന്നത്? പാവപ്പെട്ട തൊഴിലാളി ശത്രുവർഗ്ഗമാണെന്നോ? ജീവിച്ചിരിക്കുന്ന ഇതിഹാസമായ ഇറാബാത് ഒരിക്കലും അത്തരത്തിലൊരു മാർക്സിസം പഠിപ്പിക്കില്ല. ഈ ക്രൂരത ശർമ്മിളയ്ക്കും അംഗീകരിക്കാനാവില്ല. പക്ഷേ അവരെ സംസാരിക്കാനിവർ സമ്മതിക്കുമോ? ശർമ്മിളയെക്കുറിച്ചെഴുതുന്ന മിക്കവർക്കും ഇക്കാര്യത്തെക്കുറിച്ചെഴുതാനുള്ള കാര്യപ്രാപ്തിയില്ല എന്നതാണ് മുഖ്യപ്രശ്നം. (അത് ശർമ്മിളയുടെ അഭ്യുദയകാംക്ഷി മാഫിയയെ കോപിഷ്ഠരാക്കുമെങ്കിലും). അടക്കിപ്പിടിച്ച ശബ്ദങ്ങളുടെ പ്രതിനിധാനം എങ്ങനെ എന്നതാണ് മുഖ്യപ്രശ്നം. (അത് ഒയ്നാമിലെ ദു:ഖിക്കുന്ന അമ്മയുടേതായാലും ജമ്മുവിലെ ഭൗർ ക്യാമ്പിലെ അഭയാർത്ഥിയുടേതായാലും). പരമമായ അവകാശങ്ങൾ സന്ധി ചെയ്യാൻ കഴിയുന്നവയല്ല, അത് അടിച്ചമർത്തപ്പെട്ടവരുടേതായാലും അവർക്ക് വേണ്ടി ശബ്ദിക്കുന്നവരുടേതായാലും.

എന്താണിതിന്റെയൊക്കെ അവസാനം? ശർമ്മിള മരിച്ചാൽ ആർക്കാണ് പ്രയോജനം? എല്ലാവർക്കും. അവരുടെ വിഷയത്തിൽ താല്പര്യമെടുത്ത ഓരോ വ്യക്തിക്കും. കാരണം ബാറ്റൺ കൈമാറുന്നതിൽ നാം വിശ്വസിക്കുന്നില്ല. മറിച്ച് ഒരു രക്തസാക്ഷിയെ നിർമ്മിച്ചെടുക്കുന്നതിലാണ് നാം വിശ്വസിക്കുന്നത്. സംഘടിതമായി തന്നെ ആ സംഘവുമായി സന്ധിസംഭാഷണം നടത്തി, ശർമ്മിളയെ ഒരു രാഷ്ട്രീയ ബദലാക്കാനുള്ള തന്ത്രജ്ഞത നാം കാണിക്കുന്നില്ല. ശർമ്മിളയുമായി രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് പോയി ഒരു വിശാല ഐക്യം രൂപപ്പെടുത്താൻ നാം ശ്രമിക്കുന്നില്ല.

അപ്പോൾ നമ്മളൊരു രക്തസാക്ഷിയെ രൂപപ്പെടുത്തുകയാണോ? ഗാന്ധിജിയുടെ പാരമ്പര്യമുള്ള നാം നിരാഹാരസമരത്തിനപ്പുറത്തേയ്ക്ക് പോകാനാകാത്ത വിധം പാപ്പരായിത്തീർന്നോ? ഏതെങ്കിലും കാരണവശാൽ ശർമ്മിള മരിക്കുകയാണെങ്കിൽ: സർക്കാറിന് ഒരു സ്മാരകം, വിട്ടുപോകുന്നവർക്ക് ഒരു കാരണം, ശർമ്മിളയുടെ ഉപദേശകവൃന്ദത്തിന് സർക്കാർ അംഗീകൃതമായ ഒരു പ്രതിഷേധ ലേബൽ, മാധ്യമങ്ങൾക്ക് തൽക്കാലം ആഘോഷിക്കാനും പിന്നീട് എപ്പോഴെങ്കിലും ഒരു ചെറിയ ഫോളോഅപ് നടത്താനുമുള്ള അവസരം. ഫലമോ, ഒരു വേദന അന്തിമമായി അലിഞ്ഞ് ഇല്ലാതാകുന്നു.

ശർമ്മിളയെ വ്യാപാരം ചെയ്യുന്നവരെ ശർമ്മിള തന്നെ സൂക്ഷിക്കുക. നിന്റെ പ്രണയ ബന്ധത്തെ അംഗീകരിക്കാത്തവരെയും രാഷ്ട്രീയ ശരികൾ പറയുന്നതിനാൽ നിന്നെ നിശബ്ദരാക്കുന്നവരെയും സൂക്ഷിക്കുക.

ശർമ്മിളാ, ഞങ്ങളുടെ മനസ്സിൽ നിന്നും നിന്നെ ഞങ്ങൾ പിഴുതെറിയേണ്ടതുണ്ടോ? ഈ ഞാനെങ്കിലും? വ്യക്തമായി രചിക്കപ്പെട്ടിരിക്കുന്ന ഈ മാർക്കറ്റിങ് പദ്ധതിയുടെ ഭാഗമാണ് നീയും. കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലെ ഉഷ്ണ-ശീത കാറ്റുകൾക്കിടയിൽ, അണ്ണാ-രാംദേവ് ചങ്ങാത്തങ്ങൾക്കിടയിൽ, പ്രത്യാശിതരുടെയും പോരാളികളുടെയും ഇടയിൽ പ്രതീക്ഷയാകാമായിരുന്നു നിനക്ക്. പക്ഷേ എന്തുകൊണ്ടാണ് അവർ നിന്നെ നിരാശയുടെ പ്രതീകമാക്കുന്നത്?


**പുസ്തകപ്രകാശനം**

**ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്**

**2012 ആഗസ്റ്റ് 15ന്**

പ്രസാധനം: ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, കോഴിക്കോട്.

മുഖവില: 600 രൂപ

പ്രീപബ്ലിക്കേഷൻ : 400 രൂപ

കോപ്പികൾക്ക്:9447254630, 0471 4062082